# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.821 — 12.06.2013-ൽ മറുപടിക്ക്

## അമലാപുരം-തട്ടുപാറ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 2 കോടി 62 ലക്ഷം രൂപയുടെ അമലാപുരം-തട്ടുപാറ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (എ) | പ്രസ്തുത പദ്ധതിയുടെ 30 എച്ച്.പി ശേഷിയുള്ള 2 പമ്പ് സെറ്റുകളുടെ സ്ഥാപനവും അനുബന്ധ ഇലക്ട്രിക്കൽ ജോലികളും, പ്രഷർ ഫിൽറ്റർ ഇലക്ട്രോ ക്ലോറിനേറ്റർ ഇവ സ്ഥാപിക്കൽ എന്നീ ജോലികൾ ഒഴികെയുള്ള എല്ലാ ജോലികളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. |
| (ബി) | ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (ബി) | കിണർ, പമ്പ് ഹൗസ് ഇവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പമ്പ് സെറ്റുകളും പ്രഷർ ഫിൽറ്ററും ക്ലോറിനേറ്ററും സ്ഥാപിക്കുന്ന ജോലികൾ ടെണ്ടർ ചെയ്ത് പൂർത്തീകരിക്കാൻ സാധിക്കൂ. |
| (സി) | പ്രസ്തുത ടെണ്ടർ നടപടികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) | പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർണ്ണതോതിൽ ഫെബ്രുവരി 2014 ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | |
|---|---|---|
| ഡി) | ടെണ്ടർ വിളിച്ചിട്ടുള്ള അഞ്ച് പാക്കേജുകളുടെ വിശദാംശം ലഭ്യമാക്കാമോ? | ഡി) |

**പാക്കേജ് -I**

1. കിണർ, പമ്പ് ഹൗസ് ഇവയുടെ നിർമ്മാണം.

2.150 എം.എം. വ്യാസമുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ

3. മെയിൻ റോഡിൽ നിന്നും പമ്പ് ഹൗസിലേയ്ക്ക് എത്തുന്നതിനുള്ള റോഡ് നിർമ്മിക്കൽ

**പാക്കേജ് -II**

2 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല സംഭരണിയുടെ നിർമ്മാണം.

**പാക്കേജ് III**

30 എച്ച്. പി. ശേഷിയുള്ള 2 പമ്പ് സെറ്റുകളുടെ സ്ഥാപനവും ബന്ധപ്പെട്ട ഇലക്ട്രിക്കൽ കണക്ഷൻ ജോലികളും.

**പാക്കേജ് IV**

പ്രഷർ ഫിൽറ്ററും ഇലക്ട്രോ ക്ലോറിനേറ്ററും സ്ഥാപിക്കൽ

**പാക്കേജ് V**

വിതരണ ശൃംഖല സ്ഥാപിക്കൽ

സെക്ഷൻ ഓഫീസർ